## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2410

08..05..2017 -ൽ മറുപടിയ്ക്ക്

### സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാ ഫലം വൈകുന്നതുമൂലമുള്ള പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.രാജൻ | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക സർവ്വകലാശാലയിൽ പരീക്ഷാ ഫലം മാസങ്ങൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സാങ്കേതിക സർവ്വകലാശാലയിൽ പരീക്ഷാഫലം മാസങ്ങൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ റീ എക്സാം ഒഴികെയുള്ള ബി.ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ കഴിഞ്ഞത് ജനുവരി 27-ാം തീയതിയും റീ എക്സാം കഴിഞ്ഞത് ഫെബ്രുവരി 25-ാം തീയതിയുമാണ്. റീ എക്സാം ഒഴികെയുള്ളവയുടെ റിസൾട്ട് ഏപ്രിൽ 4-ാം തീയതിയും റീ എക്സാം സബ്ജക്റ്റിന്റേത് ഏപ്രിൽ 27-ാം തീയതിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

റീ എക്സാം ഒഴികെയുള്ള ബി.ടെക് മൂന്നാം സെമസ്റ്റർ പരീക്ഷകൾ കഴിഞ്ഞത് ജനുവരി 30-ാം തീയതിയും റീ എക്സാം കഴിഞ്ഞത് മാർച്ച് 4-ാം തീയതിയുമാണ്. റീ എക്സാം ഒഴികെയുള്ളവയുടെ റിസൾട്ട് മേയ് 2-ാം തീയതി പ്രസിദ്ധീകരിക്കുകയും, റീ എക്സാം സബ്ജക്ടിന്റേത് മേയ് ആദ്യ വാരംതന്നെ പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

(ബി) എല്ലാ വിഷയങ്ങളിലും ജയിക്കാതെ അടുത്ത സെമസ്റ്ററിലേക്ക് പ്രവേശനം നൽകാത്ത ഇയർ ഔട്ട് സംവിധാനം നിലനിൽക്കുന്നതിനാൽ, പരീക്ഷാഫലം വൈകുന്നത് വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ കഴിയാത്ത സ്ഥിതി വിശേഷം സംജാതമാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ നിലനിൽക്കുന്ന ഇയർ ഔട്ട് സമ്പ്രദായത്തിൽ എല്ലാ വിഷയങ്ങളും ജയിച്ചാൽ മാത്രമേ അടുത്ത സെമസ്റ്ററിലേയ്ക്ക് പ്രവേശനം നൽകാവൂ എന്ന് പറയുന്നില്ല, മറിച്ച് അക്കാദമിക് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമുള്ള ഒരു നിശ്ചിത ക്രഡിറ്റ് കിട്ടിയവർക്കെല്ലാം അടുത്ത ഈവൻ സെമസ്റ്ററിലേയ്ക്ക് പ്രവേശിക്കാവുന്നതാണ്. പരീക്ഷാ ഫലം വളരെവേഗംതന്നെ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സർവ്വകലാശാല കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ